**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6135** **17-03-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ആർക്കെല്ലാമാണ് അർഹതയുള്ളത്; ഏതൊക്കെ ഇനം വ്യവസായങ്ങൾക്കാണ് അനുമതി നൽകാൻ സാധിക്കുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | (എ) | കൂട്ടുടമസംരംഭകർ, കമ്പനികൾ, ചെറുകിട സംരംഭകരുടെ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ മുതലായവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിന് അപേക്ഷിക്കാൻ കഴിയുന്നതാണ്.<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം എസ്റ്റേറ്റ് ഡെവലപ്പറുടെ അധികാര പരിധിയിലുള്ളതാണ്. റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും ഉത്പാദന മേഖലയിൽപ്പെട്ടതുമായ യൂണിറ്റുകൾക്കാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റിൽ സ്ഥലം അനുവദിക്കുന്നത്. കൂടാതെ വെയർഹൗസുകൾ, മറ്റ് ലോജിസ്റ്റിക് സേവനങ്ങൾ, വാഹന സർവീസ്, റിപ്പയർ ഡിപ്പോകൾ എന്നിവയ്ക്കും അനുമതി നൽകും. എന്നാൽ വാഹന ഷോറൂമുകൾ, ഷോപ്പിങ് കോംപ്ലക്സുകൾ, മാളുകൾ, ചെറുകിട ഉപഭോക്താക്കൾക്ക് സാധനങ്ങൾ വിൽക്കുന്നതോ സേവനങ്ങൾ നൽകുന്നതോ ആയ ഔട്ട്-ലെറ്റുകൾ തുടങ്ങിയവ അനുവദനീയമല്ല.<br><br>ഗ്രാമ നഗര വ്യത്യാസമില്ലാതെ വ്യവസായ സംരംഭത്തിന് അനുയോജ്യമായ 10 ഏക്കറോ അതിലധികമോ വരുന്ന ഭൂമി കൈവശമുള്ള മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്-പോർട്ടൽ വഴി അപേക്ഷ നൽകാവുന്നതാണ്. |
| (ബി) | സ്വകാര്യ പാർക്കുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ധനസഹായം ഉൾപ്പെടെ | (ബി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, |

| | | | |
|---|---|---|---|
| | സംസ്ഥാന സർക്കാർ നൽകുന്ന സൗകര്യങ്ങൾ വിശദമാക്കാമോ; | | ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്. സ്വകാര്യ വ്യവസായ എസ്റ്റേറ്റായി അനുമതി ലഭിച്ച വ്യവസായ ഭൂമിയ്ക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് റൂൾ-2019 -ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. |
| (സി) | സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഡെവലപ്പർ പെർമിറ്റ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (സി) | സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുന്നതിന് മറ്റു തടസ്സങ്ങളൊന്നുമില്ല. |
| (ഡി) | ഇത്തരം ആവശ്യങ്ങൾക്ക് ഉപകാരപ്പെടുന്ന വിധത്തിൽ ഒരു യൂണിഫൈഡ് ലാന്റ് ലീസ് പോളിസി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (ഡി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി രൂപീകരണം പരിഗണനയിലില്ല.<br><br>എന്നാൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് ലീസ് പോളിസി രൂപീകരണം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ